"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - ശ്രീമതി ഷഹീമ എസ്.-ന് മൂന്നാം തരം ഓവർസിയർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിന് സമയപരിധി നീട്ടിക്കൊടുത്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ.എ.) വകുപ്പ്

സ.ഉ.(സാധാ) നം.333/2021/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം, 08/02/2021

---

പരാമർശം:- 1. 23.11.2009ലെ 5624/Adv.C3/2007/P&ARDനമ്പർ സർക്കുലർ.

2. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 05.03.2020ലെ ഇ6-6400/08/സി.ഇ/തസ്വഭവ നമ്പർ നടപടിക്രമം.

3. ശ്രീമതി ഷഹീമ എസ്.ന്റെ 14.04.2020 ലെ അപേക്ഷ.

4. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 16.04.2020ലെ ഇ6-6400/08/സി.ഇ/തസ്വഭവ നമ്പർ നടപടിക്രമം.

5. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 16.04.2020ലെ ഇ6-6400/08/സി.ഇ/തസ്വഭവ നമ്പർ കത്ത്.

6. ശ്രീമതി ഷഹീമ എസ്.-ന്റെ 21.08.2020 ലെ ഇ.മെയിൽ സന്ദേശം

7. 28.08.2020-ലെ തസ്വഭവ-ഇ.ഡബ്ല്യൂ3/140/2020-തസ്വഭവ നം.കത്ത്.

8 തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 09.11.2020ലെ ഇ6-6400/08/സി.ഇ/തസ്വഭവ നമ്പർ കത്ത്.

<u>ഉത്തരവ്</u>

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഓവർസിയറായി നിയമനം ലഭിക്കുകയും, തുടർന്ന് പരാമർശം 2 പ്രകാരം ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം സൗത്ത് ഗ്രാമപഞ്ചായത്തിൽ നിയമിക്കപ്പെടുകയും ചെയ്ത ശ്രീമതി ഷഹീമ എസ്., ടിയാൾ നിലവിൽ ഭർത്താവിനോടൊപ്പം സൗദി അറേബ്യയിൽ താമസമാണെന്നും കോവിഡ് പ്രതിസന്ധി കാരണം കേരളത്തിൽ എത്തിച്ചേരുന്നതിന് കഴിയാത്ത സാഹചര്യ മായതിനാൽ സർവീസിൽ പ്രവേശിക്കുന്നതിന് സമയം നീട്ടി നൽകണമെന്നും പരാമർശം 3 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയർ അപേക്ഷകയ്ക്ക് പരാമർശം 4 പ്രകാരം 17.04.2020 വരെ, 45 ദിവസത്തെ സമയം നീട്ടി നൽകുകയും, തുടർന്നുള്ള സമയ ദൈർഘ്യം അനുവദിക്കുന്നതിന് പരാമർശം 5 പ്രകാരം അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

2. ശ്രീമതി ഷഹീമ എസ്. 01.07.2020 വരെ ജോലിയിൽ പ്രവേശിക്കുന്നതിന് സമയം നീട്ടി നൽകണമെന്നാണ് പരാമർശം 3 പ്രകാരം അഭ്യർത്ഥിച്ചിരുന്നത്. എന്നാൽ മേൽ തീയതിക്ക് മുൻപ് ടിയാൾ നാട്ടിലെത്തിയിരുന്നെങ്കിലും 28 ദിവസത്തെ ക്വാറന്റൈൻ പൂർത്തിയാക്കേണ്ട തിനാൽ ടിയാൾക്ക് 01.07.2020 ന് സർവീസിൽ പ്രവേശിക്കാൻ കഴിഞ്ഞിരുന്നില്ല. തുടർന്ന് ടിയാൾ ക്വാറന്റൈൻ കാലയളവ് പൂർത്തിയാക്കിയതായി പരാമർ ശം 6 പ്രകാരം അറിയിക്കുകയും ആയതിനാൽ സർവീസിൽ പ്രവേശിക്കുന്നതിന് അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. ശ്രീമതി ഷഹീമയുടെ അഭ്യർത്ഥന പ്രകാരം ടിയാളെ സർവീസിൽ പ്രവേശിപ്പിക്കുന്നതിന് പരാമർശം 7 പ്രകാരം ചീഫ് എൻജിനീയർക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ ടിയാളെ 07.09.2020 ന് സർവീസിൽ പ്രവേശിപ്പിച്ചതായി പരാമർശം 8 പ്രകാരം ചീഫ് എൻജിനീയർ അറിയിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന ജോലി ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സർവീസിൽ പ്രവേശിക്കുന്നതിന് സമയ ദൈർഘ്യം അനുവദിക്കുന്നത് സംബന്ധിച്ച് പരാമർശം 1 പ്രകാരം നിലവിലുള്ള വ്യവസ്ഥകൾക്കു ഇളവുനൽകികൊണ്ട് ശ്രീമതി ഷഹീമ എസ്.ന്റേത് പ്രത്യേക കേസായി പരിഗണിച്ച് ടിയാൾക്ക് സർവീസിൽ പ്രവേശിക്കുന്നതിന് 06.09.2020 വരെ ഇളവ് അനുവദിച്ച് കൊണ്ടും ടിയാളെ 07.09.2020 ന് സർവീസിൽ പ്രവേശിപ്പിച്ച ചീഫ് എൻജിനീയറുടെ നടപടി സാധൂകരിച്ചു കൊണ്ടും ഉത്തരവാകുന്നു.. ടിയാളുടെ സീനിയോറിറ്റി KS&SSR ഭാഗം II ചട്ടം 27(C) ക്ക് താഴെയുള്ള പ്രോവിസോ 1 പ്രകാരം ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ മാത്രമേ കണക്കാക്കുകയുള്ളൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഗോപകുമാർ യു**
**അണ്ടർ സെക്രട്ടറി**

1. ശ്രീമതി ഷഹീമ എസ്., പുതുവൽ പുരയിടം, ആമ്പല്ലൂർ, സൈനിക് സ്കൂൾ പി. ഒ., തിരുവനന്തപുരം *(തസ്സംബന്ധ ചീഫ് എഞ്ചിനീയർ മുഖേന)*
2. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. വെബ് & ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
6. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SREEKANTH G
Date: 2021.02.09 15:14:50 IST
Reason: Approved

സെക്ഷൻ ഓഫീസർ